"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇ-ഓട്ടോ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട്- സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.507/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ 4.25 നമ്പർ തീരുമാനം.

**ഉത്തരവ്**

എറണാകുളം ജില്ലാപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇ-ഓട്ടോ വാങ്ങി നൽകാൻ പ്രോജക്ട്(പ്രോ.നം. 195/22, അടങ്കൽ-2,05,00,000/-രൂപ, എസ്.സി.പി-49,20,000/-രൂപ, ലോൺ-1,55,80,000/-രൂപ) തയ്യാറാക്കിയതിൽ 82 ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിന് നൽകാവുന്ന സബ്സിഡി 60,000/- രൂപ എന്നതിനു പകരം സബ്സിഡി തുക 1,00,000/- ലക്ഷം (ഒരു ലക്ഷം) രൂപയായി വർദ്ധിപ്പിക്കണമെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ പരാമർശം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇ-ഓട്ടോ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിലെ സബ്സിഡി തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 04-03-2022 14:50:50**
സെക്ഷൻ ഓഫീസർ